## 855

എന്റെ ബലമായ കർത്തനെൻ ശരണമതാകയാൽ പാടിടും
ഞാനുലകിൽ ഏറ്റമുറപ്പുള്ള മറവിടമാണെനിക്കെൻ
പ്രിയൻ ചാരിടും ഞാനവനിൽ

ഹാ-ഹല്ലേലുയ്യാ ഗീതം പാടിടും ഞാൻ
എന്റെ ജീവിതയാത്രയതിൽ എന്റെ അല്ലലഖിലവും തീർത്തിടും നാൾ
നോക്കിപ്പാർത്തിടും ഞാനുലകിൽ

1 എല്ലാക്കാലത്തും ആശ്രയം വെച്ചിടുവാൻ നല്ല സങ്കേതമേശുവത്രെ
പെറ്റതള്ള തൻകുഞ്ഞിനെ മറന്നിടിലും കാന്തൻ മാറ്റം ഭവിക്കാത്തവൻ-

2 തിരുക്കരത്തിൽ വൻ സാഗരജലമെല്ലാം അടക്കുന്ന
കരുത്തെഴും യാഹവൻ താൻ ഒരു ഇടയനെപ്പോലെന്നെ
അവനിയിൽ കരുതുന്ന സ്നേഹമെന്താശ്ചര്യമേ-

3 ഉള്ളം കലങ്ങുന്ന നേരത്ത് പ്രിയൻ തൻ വാഗ്ദത്തം
ഓർപ്പിച്ചുണർത്തുമെന്നെ ഉള്ളംകരത്തിൽ വരച്ചവൻ
ഉർവ്വിക്കധീശൻ താൻ എന്നുടെ ആശ്വാസകൻ-

4 മാറും മനുജരെല്ലാം മഹിതലമതു തീജ്വാലക്കിരയായി മാറുകിലും
തിരുവാഗ്ദത്തങ്ങൾക്കേതും മാറ്റം വരില്ലവൻ വരവിൻ നാളാസന്നമായ്